# നമസ്കാരത്തിനുള്ള സ്വഫ്ഫും അതിന്റെ പ്രാധാന്യവും

[Malayalam]

## تنبيه المسلمين إلى وجوب تسوية صفوف المصلين


വിവ. കബീര്‍ എം. പറളി

എഡിറ്റര്‍: സുഫ്‌യാന്‍ അബ്ദുസ്സലാം

ترجمة: محمد كبير سلفي

مراجعة: سفيان عبد السلام

قدم له و راجعه عمر سليمان الاشقر



**കോപറേറ്റീവ് ഓഫീസ് ഫോര്‍ കാള്‍ & ഗൈഡന്‍സ്**
**റബ്‌വ - റിയാദ് - സൗദി അറേബ്യ**

المكتتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com

1430 – 2009

| വിഷയ സൂചിക | |
|---|---|
| നമസ്കാരം: പ്രവാചക മാതൃക സ്വീകരിക്കുക | 03 |
| സ്വഫ്ഫ് ശരിയാക്കുന്നതിന്റെ താത്പര്യം | 04 |
| സ്വഫ്ഫ് ശരിയാക്കുന്നതിന്റെ ശ്രേഷ്ഠത | 04 |
| ഒന്നാമത്തെ സ്വഫ്ഫും അതിന്റെ ശ്രേഷ്ഠതയും | 05 |
| ഒന്നാമത്തെ സ്വഫ്ഫ് പൂർണ്ണമാക്കേണ്ടതിന്റെ ആവശ്യകത | 05 |
| സ്വഫ്ഫുകൾ ശരിയാക്കുന്നതിന്റെ വിധി | 07 |
| അണി ശരിയാക്കുന്നതിന്റെ രൂപം | 08 |
| സ്വഫ്ഫ് ശരിയാക്കുന്നതിൽ സലഫുസ്സ്വാലിഹിന്റെ രീതി | 10 |
| രണ്ട് സംശയങ്ങൾ | 11 |
| അവസാനമായി | 12 |

بسم الله الرحمن الرحيم

# നമസ്കാരം: പ്രവാചക മാതൃക സ്വീകരിക്കുക

നമസ്കാരം ഇസ്ലാമിലെ ഉൽകൃഷ്ടമായ ആരാധനാ കർമ്മമാണ്. പരലോകത്ത് ഒരു ദാസൻ ആദ്യമായി ചോദ്യം ചെയ്യപ്പെടുന്നത് നമസ്കാരത്തെ സംബന്ധിച്ചായിരിക്കും. നമസ്കാരത്തിന്റെ മുഴുവൻ നിർവഹണരീതിയും മഹാനായ മുഹമ്മദു നബി(സ്വ) മുഅ്മിനുകൾക്ക് പഠിപ്പിച്ചു തന്നിട്ടുണ്ട്. നമസ്കാരത്തിനു വേണ്ടി എങ്ങിനെ ശുദ്ധിയാകണം, എവിടേക്ക് തിരിയണം, ഏതുവിധത്തിൽ നിൽക്കണം, എങ്ങിനെ നിർവഹിക്കണം തുടങ്ങി നമസ്കാരത്തിലനുഷ്ഠിക്കേണ്ട ഓരോ ചലനവും സൂക്ഷ്മതയോടെയാണ് തിരുനബി (സ്വ) പഠിപ്പിച്ചു തന്നിട്ടുള്ളത്. ഒരു ഹദീസ് ശ്രദ്ധിക്കുക:

മാലിക് ബ്നുൽ ഹുവൈരിഥ്(റ) നിവേദനം. നബി(സ്വ) പറഞ്ഞു: ''ഞാൻ ഏത് വിധത്തിൽ നമസ്കരിക്കുന്നതായി നിങ്ങൾ എന്നെ കണ്ടുവോ, അതുപോലെ നിങ്ങളും നമസ്കരിക്കുക. നമസ്കാരത്തിന് സമയമായാൽ നിങ്ങളിലൊരാൾ ബാങ്ക് കൊടുക്കുകയും, പ്രായമുള്ള ഒരാൾ ഇമാമത്ത് നിൽക്കുകയും ചെയ്ത് (നമസ്കരിക്കുക).''[1]

വളരെയധികം ശ്രദ്ധിക്കേണ്ട ഒരു ആരാധനയായിരുന്നിട്ടു കൂടി, നമസ്കാരത്തിൽ വിശ്വാസികളുടെ ഭാഗത്തു നിന്നും ഒട്ടേറെ വീഴ്ചകൾ സംഭാവിക്കാറുണ്ട്. അവഗണിക്കാവുന്ന നിസ്സാര കാര്യമല്ല ഇത്. 'പ്രവചകനെങ്ങാനും നമ്മളിലേക്ക് വരികയാണെങ്കിൽ നമസ്കാരമല്ലാതെ, താനും സ്വഹാബത്തും നിലകൊണ്ട മറ്റൊരു കാര്യവും അദ്ദേഹം തിരിച്ചറിയുകയില്ല' എന്ന അബുദ്ദർദാഇ(റ)ന്റെ പ്രസ്താവനയെ മുന്നിൽ വെച്ച് ഇമാം ഔസാഈ(റ) ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായി: ''നമ്മുടെ ഇക്കാലത്ത്, പ്രവാചകനെങ്ങാനും നമ്മളിലേക്ക് വരികയാണെങ്കിൽ, താനും സ്വഹാബത്തും നിലകൊണ്ട യാതൊരു കാര്യവും അദ്ദേഹം തിരിച്ചറിയുകയില്ല; നമസ്കാരം പോലും!''

മഹാനായ അനസ്(റ) പറഞ്ഞു: 'നബി(സ്വ)യുടെ കാലത്തുണ്ടായിരുന്ന യാതൊന്നും എനിക്കിപ്പോൾ കാണാനാകുന്നില്ല.' അപ്പോൾ ഒരാൾ ചോദിച്ചു: 'നമസ്കാരമൊ?' 'നിങ്ങളിപ്പോൾ നിർവഹിച്ചു കൊണ്ടിരിക്കുന്ന ഈ നമസ്കാരമല്ലെ, ഇതൊ?' അദ്ദേഹം തിരിച്ചു ചോദിച്ചു.[2]

നമസ്കാരത്തിന്റെ കാര്യം പോലും പ്രവാചകകാലത്തേതിൽ നിന്നും വ്യത്യസ്തമായ നിലിയിലേക്ക് പോകുന്നുണ്ട് എന്നതിൽ ആകുലരായിരുന്നു നമ്മുടെ സലഫുകൾ എന്നത്രെ മേൽക്കണ്ട പ്രസ്താവനകളിൽ നിന്നും നാം മനസ്സിലാക്കുന്നത്. അതിനാൽ ഇക്കാര്യത്തിൽ നമ്മുടെ സജീവമായ ശ്രദ്ധ പ്രാധാന്യപൂർവം പതിയേണ്ടതുണ്ട്.

അഞ്ചുനേരത്തെ നിർബന്ധ നമസ്കാരങ്ങൾ ജമാഅത്തായിട്ടാണ് നിർവഹിക്കേണ്ടത് എന്ന് നമുക്കറിയാം. അതിന്റെ പ്രാധാന്യവും പ്രതിഫലവും എത്രയാണെന്നും നമുക്ക് ബോധ്യമുണ്ട്. അക്കാര്യങ്ങൾ ഈ കൃതിയിൽ വിശദീകരിക്കുന്നില്ല. ജമാഅത്തായി നമസ്കരിക്കുമ്പോൾ നാം അറിയാതെ അവഗണിക്കുന്ന സുപ്രധാനമായ ഒരു സമ്പ്രദായത്തെ സംബന്ധിച്ചാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. അഥവാ സ്വഫ്ഫുകൾ ശരിയാക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റിയും അതിന്റെ ശ്രേഷ്ഠതകളെപ്പറ്റിയും.

1 മുത്തഫഖുൽ അലൈഹി
2 ബുഖാരി

# സ്വഫ്ഫ് ശരിയാക്കുന്നതിന്റെ താത്പര്യം

മഹാനായ ഇമാം നവവി(റ) എഴുതുന്നു: ''സ്വഫ്ഫുകൾ ശരിയാക്കുക എന്നതു കൊണ്ട് അർ ഥമാക്കുന്നത്, ആദ്യത്തെ വരി ആദ്യം പിന്നെ അടുത്ത വരി എന്ന നിലക്ക് സ്വഫ്ഫുകൾ പൂർത്തിയാക്കുക എന്നതാണ്. വിടവുകൾ ഒഴിവാക്കുക, ഒരാളുടെ നെഞ്ച് മറ്റൊരാളുടെ നെഞ്ചിനെ വിട്ട് തള്ളിനിൽക്കാത്ത വിധം ചേർന്നു നിൽക്കുക എന്നിവയും സ്വഫ്ഫ് ശരിയാക്കുന്നതിൽപ്പെട്ടതാണ്. ഒന്നാമത്തെ നിര പൂർത്തിയാകാതെ രണ്ടാമത്തെ നിര തുടങ്ങാൻ പാടുള്ളതല്ല. മുന്നിലെ സ്വഫ്ഫ് പൂർത്തിയാകും വരെ മറ്റൊരു സ്വഫ്ഫിൽ നിൽക്കുന്നതും ശരിയല്ല.'' [3]

# സ്വഫ്ഫ് ശരിയാക്കുന്നതിന്റെ ശ്രേഷ്ഠത

സ്വഫ്ഫുകൾ ശരിയാക്കുന്നതിന്റെ ശ്രേഷ്ഠതകൾ വ്യക്തമാക്കിക്കൊണ്ട് നിരവധി ഹദീസുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

1. സ്വഫ്ഫ് പൂർത്തിയാക്കി നിൽക്കുന്നവന്റെ മേൽ അല്ലാഹു പ്രശംസ ചൊരി യുന്നതും, മലക്കുകൾ അവന്ന് വേണ്ടി പ്രാർഥിക്കുന്നതുമാണ് എന്ന് വിവരി ക്കുന്ന ഒരു ഹദീസ് കാണുക:

   ആയിശ(റ) നിവേദനം. പ്രവാചകൻ പറഞ്ഞതായി അവർ പ്രസ്താവിക്കുന്നു: ''സ്വഫ്ഫുകൾ പൂർത്തീകരിക്കുന്നവന്ന് അല്ലാഹുവും മലക്കുകളും സ്വലാ ത്തോതുന്നതാണ്.'' [4]

   ''അല്ലാഹു തന്റെ അടിമകളുടെ മേൽ സ്വലാത്തു ചൊല്ലുക എന്നാൽ, വിശുദ്ധരായ മാലഖമാരുടെ സാന്നിധ്യത്തിൽ അവൻ അവരെപ്പറ്റി പ്രശംസിച്ചു പറയും എന്നാണ്. മനുഷ്യർക്ക് അനുഗ്രഹത്തിനും, പാപമോച നത്തിനുമായി പ്രാർഥിക്കുക എന്നതാണ് മലക്കുകളുടെ സ്വലാത്തു കൊണ്ടുള്ള വിവക്ഷ. ഈ ഹദീസിനെ വിശദീകരിച്ചു കൊണ്ട് ഇമാം മുനാവി(റ) എഴുതുന്നു: അവർ അഥവാ മലക്കുകൾ അർഹരായ ആളുകൾ ക്കുവേണ്ടി പാപമോചനത്തിന് തേടുന്നതാണ് എന്നത്രെ മലക്കുകളുടെ സ്വലാത്തു കൊണ്ടുള്ള താത്പര്യം.''[5]

2. ഇബ്നു ഉമർ (റ) നിവേദനം. പ്രവാചകനരുളി: ''ആരാണൊ സ്വഫ്ഫിനെ ചേർത്തു പൂ ർത്തിയാക്കുന്നത്, അല്ലാഹു അവനേയും ചേർക്കുന്നതാണ്. ആരാണൊ സ്വഫ്ഫിന്റെ പൂർണ്ണതയെ മുറിച്ചു കളയുന്നത്, അല്ലാഹു അവനേയും മുറിക്കുന്നതാണ്.'' [6]

   മേൽ പറയപ്പെട്ട ഹദീസിനെ വിശദീകരിച്ചു കൊണ്ട് ഇമാം മുനാവി(റ) എഴുതി: ''അല്ലാഹു അവനെ ചേർക്കുന്നതാണ് എന്നതുകൊണ്ടുള്ള വിവക്ഷ, അല്ലാഹു അവന്ന് നന്മകൾ ഏറ്റി നൽകുമെന്നും, തന്റെ കാരുണ്യത്തിന്റെ പരിധിയിൽ അവനെ ഉൾപ്പെടുത്തുമെന്നുമാണ്. അല്ലാഹു അവനേയും മുറിക്കുന്നതാണ് എന്നതിന്റെ താത്പര്യം, അവന്റെ നന്മകളുടെ ആധിക്യ ത്തെ അവനിൽ നിന്നും നീക്കിക്കളയുമെന്നാണ്.'' [7]

---

3 അൽ മജ്മൂഅ്, 4/226

4 അഹ്മദ്, ഹാകിം, ഇബ്നുമാജ (ആരാണൊ സ്വഫ്ഫുകളിലെ വിടവുകൾ നികത്തുന്നത്, അല്ലാഹു അവന്ന് പദവികൾ ഉയർത്തിക്കൊടുക്കുന്നതാണ് എന്ന് ഭാഗം ഇബ്നുമാജയുടെ റിപ്പോർട്ടിൽ കൂടുതലായുണ്ട്.) അൽബാനി(റ) സ്വഹീഹു തർഗീബ് വത്തർഹീബിൽ സ്വഹീഹായി പ്രസ്താവിച്ചത്, നമ്പർ 501

5 ഫയ്ദുൽ ഖദീർ, 2/269

6 നസാഈ, ഹകിം, ഇബ്നു ഖുസൈമ, (സ്വഹീഹു തർഗീബു വ തർഹീബിൽ അൽബാനി(റ) സ്വഹീഹായി പ്രസ്താവിച്ചത്. നമ്പർ 5003

7 ഫയ്ദുൽ ഖദീർ, 6/236

3. സുനനു നസാഇയുടെ ശറഹിൽ ഇമാം സുയൂത്വി എഴുതി: ''ഒരു സ്വഫ്ഫിൽ വല്ല വിടവോ, പോരായ്മയോ കാണുന്ന മാത്രയിൽ അതു നികത്താൻ ശ്രദ്ധിക്കുക എന്നതാണ്, സ്വഫ്ഫു ചേർക്കുക എന്നതിന്റെ താത്പര്യം. സ്വഫ്ഫിന്റെ പൂർണ്ണതക്ക് ഭംഗം വരുത്തുന്ന വിധം, വരികൾക്കിടയിൽ നമസ്കരിക്കാതെ വെറുതെയിരിക്കുക, വിടവുകളുള്ളിടത്തു കയറിനിൽ ക്കാൻ വരുന്നവന്ന് തടസ്സംനിൽക്കുക തുടങ്ങിയവയാണ്, സ്വഫ്ഫിനെ മുറിച്ചുകളയുക എന്നതിന്റെ താത്പര്യം. അല്ലാഹു അഅ്ലം.'' [8]

4. ഇബ്നു ഉമർ(റ) നിവേദനം നബി(സ്വ) പറഞ്ഞു: ''വിടവ് കൊണ്ട് മുറിഞ്ഞുപോയ സ്വഫ്ഫിനെ നേരെയാക്കാനായി ചെല്ലുന്നവന്റെ കാലടിക ളേക്കാൾ മഹത്തായ മറ്റൊരു കാലടിയില്ല.'' [9]

## ഒന്നാമത്തെ സ്വഫ്ഫും അതിന്റെ ശ്രേഷ്ഠതയും

ഒന്നാമത്തെ സ്വഫ്ഫിന്റെ ശ്രേഷ്ഠത വിവരിച്ചു കൊണ്ടുള്ള ഹദീസുകൾ നിരവധിയാണ്. അവയിൽ നിന്നുള്ള ചില ഹദീസുകളാണ് താഴെ.

1. അബ്ദുറഹ്മാൻ ബ്നു ഔഫ് (റ) നിവേദനം. നബി(സ്വ) പറഞ്ഞു: ''ഒന്നാമ ത്തെ സ്വഫ്ഫുകാരുടെ മേൽ അല്ലാഹുവും മലക്കുകളും സ്വലാത്ത് ചൊല്ലു ന്നതാണ്.'' [10]
2. ഇർബാള് ബ്നു സാരിയ (റ) നിവേദനം. അദ്ദേഹം പറയുന്നു: ''നബി (സ്വ) ആദ്യ സ്വഫ്ഫുകാർക്കുവേണ്ടി മൂന്നു പ്രാവശ്യം പാപമോചനത്തിന് പ്രാർഥിക്കുകയുണ്ടായി, രണ്ടാമത്തെ സ്വഫ്ഫുകാർക്കുവേണ്ടി ഒരു പ്രാവശ്യ വും പ്രാർഥിച്ചു.'' [11]
3. അബൂഹുറയ്റ (റ) നിവേദനം. നബി(സ്വ) അരുളി: ''ബാങ്കിലും ഒന്നാമത്തെ സ്വഫ്ഫിലുമുള്ള അനുഗ്രഹത്തെപ്പറ്റി അറിഞ്ഞവർ, അത് നേടാൻ ഇഴഞ്ഞു കൊണ്ടാണെങ്കിലും നേരത്തെയെത്തുമായിരുന്നു.'' [12]

## ഒന്നാമത്തെ സ്വഫ്ഫ് പൂർണ്ണമാക്കേണ്ടതിന്റെ ആവശ്യകത

നമസ്കാരത്തിന് നിൽക്കുമ്പോൾ വരികൾ പൂർണ്ണമായും ശരിയാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി നാം കൃത്യമായും ബോധവാന്മാരേകേണ്ടതുണ്ട്. പ്രവാചക വചനങ്ങൾ അതു സംബന്ധമായി എന്ത് പറയുന്നു എന്ന് നോക്കുക:

1. നമസ്കാരം പൂർണ്ണമാക്കി നിർവഹിക്കുന്നതിന്റെ ഭാഗമാണ് സ്വഫ്ഫ് ശരിയാക്കുക എന്നത്. അനസ്(റ) നിവേദനം ചെയ്ത ഒരു ഹദീസ് കാണുക: നമസ്കരിക്കാൻ നിൽക്കുന്ന വേളകളിൽ നബി(സ്വ) പറയാറുണ്ട്; ''നിങ്ങൾ വരികൾ ശരിയാക്കുക, തീർച്ചയായും വരികൾ ശരിയാക്കുന്നത് നമസ്കാരം നിലനിർത്തുന്നതിന്റെ ഭാഗമാണ്. [13]
2. നമസ്കാരത്തെ സംബന്ധിച്ച് അല്ലാഹു കല്പിക്കുന്നത് കാണുക: ''നിങ്ങൾ നമസ്കാരം നിലനിർത്തുകയും ചെയ്യുവീൻ...'' (സൂറത്തുന്നൂർ)

---

8 ശറഹു സുനനി നസാഇൗ, 2/93
9 ബസ്സാർ, സ്വഹീഹു തർഗീബു വ തർഹീബിൽ അൽബാനി(റ) ഹസനായി പ്രസ്താവിച്ചത്., നമ്പർ 504
10 ഇബ്നു മാജ, അഹ്മദ് അബൂദാവൂദ് ഹാകിം, സ്വഹീഹു ജാമിഇസ്സ്വഗീറിൽ അൽബാനി(റ) സ്വഹീഹായി പ്രസ്താവിച്ചത്, നമ്പർ 1835
11 ഇബ്നു മാജ, നസാഇൗ, ഇബ്നു ഖുസൈമ, ഹാകിം. സ്വഹീഹു തർഗീബു വ തർഹീബിൽ അൽബാനി(റ) സ്വഹീഹായി പ്രസ്താവിച്ചത്., നമ്പർ 489
12 ബുഖാരി, മുസ്ലിം
13 ബുഖാരി, ഫത്ഹുൽ ബാരി, 2/209, നമ്പർ 723

നമസ്കാരം നിലനിർത്തണമെന്ന് വിശ്വാസികളോട് അല്ലാഹു ആഹ്വാനം ചെയ്യുമ്പോൾ, പ്രവാചക തിരുമേനി (സ്വ), സ്വഫ്ഫുകൾ ശരിയാക്കുന്നത് നമസ്കാരം നിലനിർ ത്തുന്നതിന്റെ ഭാഗമാണെന്ന് നമ്മെ പഠിപ്പിക്കുന്നു. അഥവാ ജമാഅത്തു നമസ്കാ രങ്ങളിൽ സ്വഫ്ഫ് ശരിയാക്കത്ത ഒരുത്തൻ നേരാംവണ്ണം തന്റെ നമസ്കാരം നിർവ ഹിച്ചിട്ടില്ല എന്നർഥം.

3. നമസ്കാരത്തിൽ സ്വഫ്ഫ് നേരാംവണ്ണം ശരിയാക്കി നിൽക്കുക എന്നത് വിശ്വാസികൾക്കിടയിലെ സ്നേഹത്തേയും ഐക്യത്തേയുമാണ് കാണിക്കുന്നത്. തോളോട്തോൾ ചേർത്ത്, പാദത്തോട് പാദം ചേർത്ത് അണിയൊത്ത് നിൽക്കുന്ന വിശ്വാസികളിൽ സ്നേഹവും ഐക്യവും സാധാരണമായിരിക്കും. അണിയിൽ വിടവുണ്ടാകും വിധം വേറിട്ട് നിൽക്കുന്നതാകട്ടെ ഹൃദയങ്ങളിലെ വിദ്വേഷത്തെയാണ് പ്രകടിപ്പിക്കുന്നത്. അക്കാര്യം പ്രവാചക തിരുമേനി (സ്വ) തന്നെ സൂചിപ്പിച്ചിട്ടുണ്ട്. നുഅ്മാനു ബ്നു ബഷീർ(റ) പറയുകയാണ്: ‘‘നമസ്കാരത്തിനു നിന്നാൽ ഞങ്ങളുടെ സ്വഫ്ഫുകൾ ശരിയാക്കുക റസൂലിന്റെ പതിവായിരുന്നു. ഒരിക്കൽ നബി(സ്വ) നമസ്കാരത്തിനെത്തിയെപ്പോൾ, ഒരാളുടെ നെഞ്ച് വരിയിൽ നിൽക്കുന്ന മറ്റുള്ളവരേക്കാൾ തള്ളി നിൽക്കുന്നതായി കണ്ടു. അപ്പോൾ പ്രവാചകൻ ഞങ്ങളോടായി പറഞ്ഞു: നിങ്ങൾ പരസ്പരം വരികൾ ശരിയാക്കി നിൽക്കുക തന്നെ വേണം. അല്ലെങ്കിൽ അല്ലാഹു നിങ്ങളുടെ മുഖങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കുന്നതാണ്.’’[14]

ഇബ്നു ഹജറുൽ അസ്കലാനി(റ) ഫത്ഹുൽ ബാരിയിലെഴുതുന്നു: ‘‘(അല്ലാഹു നിങ്ങളുടെ മുഖങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കുന്നതാണ്) എന്നാൽ, നിങ്ങൾക്കിടയിൽ ശത്രുതയും പകയും ഉണ്ടാക്കുമെന്നും ഹൃദയങ്ങളിൽ അനൈക്യമുണ്ടാക്കുമെന്നുമാണ് അപ്പറഞ്ഞതിന്റെ സാരം എന്ന് ഇമാം നവവി(റ) വിശദീകരിച്ചിട്ടുണ്ട്. ഒരാൾ എന്റെ മുന്നിൽ തന്റെ മുഖഭാവം മാറ്റി എന്നു പറഞ്ഞാൽ അത് കൊണ്ട് നാം അർഥമാക്കുന്നത്. അവന്റെ മുഖത്ത് തന്നോടുള്ള വെറുപ്പ് പ്രകടമായി എന്നാണല്ലോ? അതുപോലെ, സ്വഫ്ഫുകളിൽ ഭിന്നതവരുത്തുന്നവർ അവരുടെ മനസ്സുകളിലെ ഭന്നതയെത്തന്നെയാണ് പ്രകടിപ്പിക്കന്നത്. ബാഹ്യമായ ഛിദ്രത ആന്തരികമായ ഛിദ്രതക്ക് കാരണമാകുമെന്നതിൽ സംശയമില്ല. ‘അല്ലെങ്കിൽ നിങ്ങളുടെ ഹൃദയങ്ങൾക്കിടയിൽ അല്ലാഹു ഭിന്നിപ്പുണ്ടാക്കും’ എന്ന അബൂദാവൂദിന്റെ ഹദീസിലെ പ്രസ്താവന അക്കാര്യം ഊന്നിപ്പറയുന്നുണ്ട്.’’ [15]

സ്വഫ്ഫ് ശരിയാക്കാതെ തോന്നിയതു പോലെ വരിനിൽക്കുന്നത് നമസ്കരിക്കുന്നവരുടെ ഹൃദയങ്ങളിൽ പകയും വിദ്വേഷവുമുണ്ടാകാൻ കാരണമായേക്കും എന്നാണ് റസൂൽ (സ്വ)യുടെമേൽ പ്രസ്താവനയിൽ നിന്നും മനസ്സിലാകുന്നത്. പിശാചും അവന്റെ കൂട്ടാളികളും ആഗ്രഹിക്കുന്നതു തന്നെ മുസ്ലിം ഹൃദയങ്ങളിൽ പകയും വിദ്വേഷവും ഉണ്ടാകണമെന്നാണ്. നമസ്കരിക്കുന്നവർ ഗൗരവപൂർവ്വം ജാഗ്രത കാണിക്കേണ്ട സംഗതിയാണ് ഇത്. വിശ്വാസീ ഹൃദയങ്ങളിൽ അകൽച്ച സൃഷ്ടിക്കുന്ന സകലതിൽ നിന്നും അല്ലാഹു നമ്മളെ കാത്തു രക്ഷിക്കുമാറാകട്ടെ.

4. നമസ്കാരത്തിൽ അണിചേർന്നു നിൽക്കുന്ന രീതി, ഗതകാല സമൂഹത്തിൽ നിന്ന് വ്യതിരിക്തമായി, മുസ്ലിം ഉമ്മത്തിന്റെ മാത്രം പ്രത്യേകതയാണ്. നമുക്കു മാത്രമായി അല്ലാഹു നൽകിയ ആ അനുഗ്രഹത്തെപ്പറ്റി റസൂൽ (സ്വ) പറഞ്ഞിട്ടുണ്ട്. ഹുദൈഫ(റ) നിവേദനം. പ്രവാചകനരുളി: ‘‘മറ്റു ജനങ്ങളെ അപേക്ഷിച്ച് നാം മൂന്നു കാര്യങ്ങളാൽ സവിശേഷരാണ്. ഒന്ന്:

14 ബുഖാരി, മുസ്ലിം
15 ഫത്ഹുൽ ബാരി, 2/207)

നമസ്കാരത്തിന് വേണ്ടിയുള്ള നമ്മുടെ സ്വഫ്ഫുകൾ മലക്കുകളുടെ സ്വഫ്ഫുകൾ പോലെ ആക്കപ്പെട്ടിരിക്കുന്നു...'' [16]

ഇതര സമൂഹങ്ങൾക്കില്ലാത്ത ഈയൊരനുഗ്രഹത്തിന് വിധേയരായവരെന്ന നിലക്ക് ഓരോ മുസ്ലിമും നമസ്കാരത്തിനുള്ള അണികൾ ശരിയാക്കുന്നതിൽ കൂടുതൽ സൂക്ഷ്മത കാണിക്കേണ്ടതുണ്ട്.

5. വിടവുകളില്ലാത്തവിധം അണിചേർന്ന് നിൽക്കുന്നതുകൊണ്ടുള്ള സുപ്രധാനമായ ഗുണം, നമസ്കരിക്കുന്നവരുടെ നമസ്കാരത്തിൽ അസ്വസ്ഥതയുണ്ടാക്കും വിധം ഇടയിൽ കയറി പിശാചിന് വസ്‌വാസുണ്ടാക്കാൻ കഴിയില്ല എന്നതാണ്. പ്രവാചകൻ (സ്വ) അരുളി: ''നിങ്ങൾ നിങ്ങളുടെ സ്വഫ്ഫുകൾ നേരെയാക്കുക. നിങ്ങൾ തോളോട് തോൾ ചേർന്ന് നിൽക്കുക. നിങ്ങളുടെ സഹോദരൻമാരോട് വിനയത്തിൽ പെരുമാറുക, വിടവുകൾ നികത്തുകയും ചെയ്യുക. നിശ്ചയം, പിശാച് നിങ്ങൾക്കിടയിൽ ഒട്ടകക്കുട്ടിയെപ്പോലെ പമ്മിപ്രവേശിക്കുന്നതാണ്.'' [17]

പിശാചിന്റെ കൈപിടിയിൽ നിന്ന് അകലും തോറും നമസ്കാരത്തിൽ, അല്ലാഹുവിന്റെ മുന്നിൽ കാണിക്കുന്ന താഴ്മയും ഭയഭക്തികളും അധികരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പടച്ചതമ്പുരാനു വേണ്ടി നിർവഹിക്കുന്ന നമസ്കാരമെന്ന ആരാധനയിൽ പൂർണ്ണമായും മുഴുകാനാകുമ്പോഴാണ് അല്ലാഹു പ്രഖ്യാപിച്ച വിജയികളുടെ കൂട്ടത്തിൽ നമുക്ക് ഉൾപ്പെടാനാവുക. അല്ലാഹു പറയുന്നു:

''തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരായ വിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു.'' (മുഅ്മിനൂൻ: 1)

## സ്വഫ്ഫുകൾ ശരിയാക്കുന്നതിന്റെ വിധി

ഇമാം ബുഖാരി(റ) തന്റെ സ്വഹീഹിൽ ഇവ്വിഷയകമായി നൽകുന്ന ഒരു തലക്കെട്ട്, 'സ്വഫ്ഫുകൾ പൂർത്തീകരിച്ചിട്ടില്ലാത്തവന്റെ മേലുള്ള പാപം' എന്നാണ്. സ്വഫ്ഫ് ശരിയാക്കുക എന്നത് വാജിബും അത് ഒഴിവാക്കുന്നവൻ പാപിയുമാണെന്നത്രെ, ഇമാമവർകളുടെ വീക്ഷണം. പ്രസ്തുത വിഷയത്തിൽ നബി(സ്വ)യിൽ നിന്നും ഉണ്ടായിട്ടുള്ള കൽപനകളെ വിശദീകരിക്കുന്ന ഹദീസുകളെ മുൻനിർത്തിയാണ് അദ്ദേഹം ഈ വീക്ഷണത്തിൽ എത്തിയിട്ടുള്ളത്.

ഇബ്നു ഹജറുൽ അസ്ഖലാനി(റ) പറയുന്നു: ''നിങ്ങൾ നിങ്ങളുടെ സ്വഫ്ഫുകൾ ശരിയാക്കുവീൻ എന്ന പ്രവാചക നിർദ്ദേശം, നിർബന്ധമായും പാലിക്കപ്പെടേണ്ട (വാജിബ്) കൽപനയാണ് എന്ന വീക്ഷണമാണ് ഇമാം ബുഖാരിയുടേത്. 'ഞാൻ നമസ്കരിക്കുന്നതായി ഏതു വിധത്തിലാണൊ നിങ്ങളെന്നെ കണ്ടിട്ടുള്ളത് അതു പോലെ നിങ്ങളും നമസ്കരിക്കുവീൻ' എന്ന പ്രവാചക നിർദ്ദേശത്തിലെ കൽപനാ ശൈലിയേയും, അത് (നമസ്കാരം) ഒഴിവാക്കുന്നവനോടുള്ള താക്കീതുകളേയും പരിഗണിച്ചതു കൊണ്ടാകാം അദ്ദേഹം ആ വീക്ഷണത്തിൽ എത്തിയിട്ടുള്ളത്''. [18]

'നിങ്ങൾ നിങ്ങളുടെ സ്വഫ്ഫുകൾ ശരിയാക്കുക തന്നെ വേണം, അല്ലെങ്കിൽ അല്ലാഹു നിങ്ങളുടെ മുഖങ്ങൾക്കിടയിൽ അനൈക്യമുണ്ടാക്കുന്നതാണ്.' എന്ന ഹദീസിനെ വിശദീകരിക്കവെ ഇബ്നുഹജർ(റ) എഴുതി: ''ഈ ഹദീസിൽ (മുസ്ലിംകൾക്കിടയിൽ) അനൈക്യമെന്ന പാപം സംഭവിക്കുന്നതു സംബന്ധിച്ച

16 അഹ്മദ്, മുസ്ലിം, നസാഈ, അൽബാനി സ്വഹീഹു ജാമിഇസ്സ്വഗീറിൽ ഇതിനെ സ്വഹീഹായ പ്രസ്താവിച്ചിരിക്കുന്നു.
17 അഹ്മദ്, സ്വഹീഹു തർഗീബു വ തർഹീബിൽ അൽബാനി(റ) സ്വഹീഹായി പ്രസ്താവിച്ചത്. നമ്പർ 491
18 ഫത്ഹുൽ ബാരി, 2/210)

താക്കീതുണ്ട്. അതു കൊണ്ടു തന്നെ, സ്വഫ്ഫ് ശരിയാക്കൽ വാജിബും അതിൽ വീഴ്ച വരുത്തുന്നത് ഹറാമുമാണ് എന്ന് മനസ്സിലാക്കാം. [19]

നമസ്കാരത്തിൽ സ്വഫ്ഫ് ശരിയാക്കുന്നത് 'അഭിലഷണീയമായ സുന്നത്തു' മാത്രമാണെന്ന് വാദിക്കുന്നവർക്ക് മറുപടി നൽകവെ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ എഴുതി: ''വരികൾക്ക് വളവില്ലാത്തവിധം സ്വഫ്ഫുകൾ ശരിയാക്കുവാനും, വിടവുകളില്ലാത്തവിധം പരസ്പരം ചേർന്ന് നിൽക്കുവാനും, ആദ്യത്തെ അണി ആദ്യമെന്ന നിലക്ക് പൂർത്തീകരിക്കുവാനും സ്വഹാബികളോട് നബി(സ്വ) കൽപിച്ചിട്ടുണ്ട്. കഴിയുന്നേടത്തോളം നല്ല രീതിയിൽ തങ്ങളുടെ ഒരുമിച്ചുചേരൽ ഏകോപിതമാകുന്നതിനു വേണ്ടിയത്രെ ആ കൽപനകളെല്ലാം. സ്വഫ്ഫുകൾ ശരിയാക്കുക എന്നത് വാജിബായ ഒരു കാര്യമല്ലായിരുന്നുവെങ്കിൽ ഒരാളുടെ പിന്നിൽ മറ്റൊരാൾ അയാളുടെ പിന്നിൽ വേറൊരാൾ എന്ന നിലയിൽ നിൽക്കുന്നതും അനുവദനീയമാകുമായിരുന്നു. എന്നാൽ മുസ്‌ലിം ഉമ്മത്തിന്റെ നമസ്കാര രീതി ഇങ്ങനെയല്ലെന്ന് ആർക്കും അറിവുള്ളതാണല്ലോ. നേരത്തെ പറഞ്ഞ രൂപത്തിൽ സ്വഫ്ഫ് നിൽക്കൽ അനുവദനീയമായിരുന്നുവെങ്കിൽ ആദ്യകാല മുസ്‌ലിം സമൂഹം ഒരു പ്രാവശ്യമെങ്കിലും അപ്രകാരം പ്രവർത്തിക്കുമായിരുന്നു. യാതൊരു ക്രമവുമില്ലാതെ മുന്നോട്ടും പിന്നോട്ടുമായി ആളുകൾ അണിനിരക്കുമായിരുന്നു. പക്ഷെ അങ്ങനെയൊന്നുണ്ടായിട്ടേയില്ല. എന്നാൽ, അപ്രകാരം പ്രവർത്തിക്കുന്നത് നിരോധിച്ചു കൊണ്ടുള്ള കൽപനകൾ നബി(സ്വ)യിൽ നിന്ന് കൃത്യമായി വന്നിട്ടുണ്ട്താനും. ഒരു കാര്യത്തിലുള്ള പ്രവാചകന്റെ നിരോധം, അക്കാര്യം ഹറാമാണെന്ന വിധിയെയാണ് നൽകുക.''[20]

## അണി ശരിയാക്കുന്നതിന്റെ രൂപം

നമസ്കാരത്തിന് സ്വഫ്ഫുകൾ പൂർത്തീകരിക്കേണ്ടത് ഏതുരൂപത്തിലാണെന്ന സംശയം ചില സഹോദരങ്ങൾക്കുണ്ടാകാം. പ്രവാചക നിർദ്ദേശങ്ങളിൽ നിന്ന് അതിന്റെ രൂപം കൃത്യമായി നമുക്ക് മനസ്സിലാക്കാനാകും. ഒന്നാമത്തെ സ്വഫ്ഫാണ് ആദ്യം പൂർത്തിയാക്കേണ്ടത്.

ജാബിർ ബ്ൻ സമുറഃ (റ) നിവേദനം ചെയ്ത് പറയുന്നു: ''ഒരിക്കൽ നബി ജമാഅത്ത് നമസ്കാരത്തിന് വന്നു കൊണ്ട് ഞങ്ങളോട് പറഞ്ഞു: മലക്കുകൾ തങ്ങളുടെ റബ്ബിന്റെ മുന്നിൽ അണി നിൽക്കുന്നതു പോലെ നിങ്ങൾക്കും അണിനിന്നുകൂടെ? ഞങ്ങൾ ചോദിച്ചു: റസൂലേ, മലക്കുകൾ തങ്ങളുടെ റബ്ബിന്റെ മുന്നിൽ അണിനിൽക്കുന്നത് ഏതു വിധത്തിലാണ്? അവിടുന്ന് പറഞ്ഞു: അവർ ആദ്യത്തെ അണി ആദ്യം പൂർത്തിയാക്കും, വിടവില്ലാത്ത വിധം പരസ്പരം അവർ ചേർന്നു നിൽക്കും.'' (മുസ്‌ലിം)[21]

ആദ്യത്തെ സ്വഫ്ഫിൽ നിൽക്കുന്നതിന് ശ്രേഷ്ഠതയുണ്ടെന്ന് ഈ ഹദീസിൽ നിന്നും വ്യക്തമാണ്. അതിനാൽ ഒന്നാമത്തെ വരിയിലണിനിരന്ന് അത് പൂർത്തീകരിക്കാനാണ് നാം കൂടുതൽ ശ്രദ്ധ കാണിക്കേണ്ടത്. അതു കഴിഞ്ഞാൽ പിന്നെ അടുത്ത വരിയും അതിനു ശേഷമുള്ള വരിയും എന്ന നിലക്കാണ് പൂർത്തീകരിക്കേണ്ടത്.

ഒന്നാമത്തെ സ്വഫ്ഫിലണിനിൽക്കുന്നവർ ശ്രദ്ധിക്കേണ്ട സുപ്രധാനമായൊരു ഹദീസ് അബ്ദുല്ലാഹ് ബ്ൻ മസ്ഊദിൽ നിന്നും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. നബി അരുളി: ''നിങ്ങളിലെ ബുദ്ധിമാൻമാരും പ്രായം തികഞ്ഞവരും എന്റെ അരികിൽ നിൽക്കട്ടെ. പിന്നെ അവരെപ്പോലുള്ളവരും, പിന്നെ അവരെപ്പോലു

19 ഫത്ഹുൽ ബാരി, 2/210
20 ഫതാവ, 23/394
21 അബൂ ദാവൂദ്, നസാഈ, ഇബ്നു മാജ എന്നിവരും ഈ ഹദീസ് രേഖപ്പെടുത്തിയിട്ടുണ്ട്

ള്ളവരും നിൽക്കട്ടെ. നിങ്ങൾ വേറിട്ട് നിൽക്കരുത്, എങ്കിൽ നിങ്ങളുടെ ഹൃദയങ്ങളും വേറിട്ട് നിൽക്കും. നിങ്ങൾ അങ്ങാടികളിലെ കോലാഹലങ്ങളെ [22] സൂക്ഷിക്കുകയും ചെയ്യുക.'' (മുസ്‌ലിം)

മേൽ സൂചിത ഹദീസിനെ വിശദീകരിച്ചു കൊണ്ട് ഔനുൽ മഅ്ബൂദിന്റെ കർത്താവെഴുതി: ''അതായത്, പ്രായപൂർത്തിയായവരും ബുദ്ധിമാൻമാരുമാണ് പ്രവാചകന്റെ സമീപത്ത് നിൽക്കേണ്ടത്. എന്തു കൊണ്ടെന്നാൽ അവർക്കാണ് കൂടുതൽ പക്വതയും, ഉണർവും, നമസ്കാരത്തിൽ സജീവ ശ്രദ്ധയുമുണ്ടാവുക. നമസ്കാരമധ്യേ, പ്രവാചകന്ന് വല്ല പ്രശ്നവുമുണ്ടാകുകയാണെങ്കിൽ, പകരം ഇമാമത്തു നിൽക്കാൻ അവർക്ക് സാധിക്കുന്നതാണ്.''[23]

മേൽ പ്രസ്താവിക്കപ്പെട്ട പ്രവാചകവചനത്തിന്റെ താത്പര്യമെന്താണെന്ന് ഈ വിശദീകരണത്തിലൂടെ നമുക്ക് ബോധ്യപ്പെട്ടു കഴിഞ്ഞു.

മറ്റൊരു ഹദീസ് വായിക്കുക. അനസ് ബ്ൻ മാലിക് (റ) നബി(സ്വ)യിൽ നിന്ന് നിവേദനം ചെ യ്യുന്നു. പ്രവാചകനരുളി: ''നിങ്ങൾ നിങ്ങളുടെ സ്വഫ്ഫുകൾ ശരിയാക്കുക; എന്റെ പിറകിലൂടെ എനിക്ക് നിങ്ങളെ കാണാനാകും. അപ്പോൾ ഞങ്ങളോരോരത്തരും തോളോട് തോൾചേർത്തും, പാദത്തോട് പാദം ചേർത്തും നിൽക്കാറുണ്ട്.'' (ബുഖാരി)[24]

ഇബ്നു ഉമർ(റ) നിവേദനം. പ്രവാചകനരുളി: ''നിങ്ങൾ സ്വഫ്ഫുകൾ ശരിയാക്കുക, തോളുകൾ ചേർത്ത് വെക്കുക, വിടവുകൾ നികത്തുക, നിങ്ങളുടെ സഹോദരങ്ങളോട് സൗമ്യത കാട്ടുക, പിശാചിന് കയറിനിൽക്കാൻ നിങ്ങളുടെ സ്വഫ്ഫുകളിൽ ഇടമനുവദിക്കാതിരിക്കുക. സ്വഫ്ഫ് പൂർണ്ണമായി ചേർക്കുന്ന വനെ അല്ലാഹുവും (കാരുണ്യത്തിൽ) ചേർക്കുന്നതാണ്. സ്വഫ്ഫിന്റെ പൂർണ്ണത മുറിക്കുന്നവനെ, അല്ലാഹുവും (കാരുണ്യത്തിൽ നിന്ന്) മുറിക്കു ന്നതാണ്.'' (അഹ്മദ്)[25]

മുകളിൽ ഉദ്ധരിക്കപ്പെട്ട ഹദീസുകളിൽ നിന്ന് നമുക്ക് മനസ്സിലാകുന്ന സുപ്രധാ നമായ കാര്യങ്ങൾ താഴെ പറയുന്നവയാണ്:

1. നമസ്കാരത്തിലെ സ്വഫ്ഫുകൾ ക്രമം തെറ്റാതെ നേരെയാക്കുക
2. തോളുകൾ പരസ്പരം ചേർത്ത് വെക്കുക
3. കാലുകൾ അടുപ്പിച്ച് വെച്ച് വിടവുകൾ നികത്തുക
4. തിരക്കി ബുദ്ധിമുട്ടുണ്ടാക്കാതെ, അടുത്ത് നിൽക്കുന്ന സഹോദരന്റെ കൈക ളോട് ചേർന്ന് നിൽക്കുക

ഇബ്നു അബ്ബാസ്(റ) നിവേദനം. നബി(സ്വ) അരുളി: ''നമസ്കാരത്തിൽ, പ്രയാസം സൃഷ്ടിക്കാതെ, സഹോദരനോട് ചേർന്ന് നിൽക്കുന്നവനാണ് നിങ്ങ ളിലെ ഉത്തമൻ.'' (അബൂദാവൂദ്)[26]

ഇമാം മുനാവി ഈ ഹദീസിനെ വിശദീകരിച്ചു കൊണ്ടെഴുതി: ''അഥവാ, അടുത്തു നിൽക്കുന്ന തന്റെ കൂട്ടുകാരന്റെ തോളുമായി തന്റെ തോളിനെ തിരക്കി വെക്കുകയോ, സ്വഫ്ഫിലെ വിടവു നികത്താനായി ഉദ്ദേശിക്കുന്നവന്ന്

22 അങ്ങാടികളിൽ വെച്ചുള്ള തർക്കവിതർക്കങ്ങൾ, ശബ്ദകോലാഹലങ്ങൾ, അനാവശ്യ വർത്തമാനങ്ങൾ തുടങ്ങിയവ, (ഔനുൽ മഅ്ബൂദ്, 2/372)

23 ഔനുൽ മഅ്ബൂദ് 2/372

24 നുഅ്മാൻ ബ്ൻ ബശീർ നിവേദനം. പ്രവാചകൻ അങ്ങനെ പറഞ്ഞപ്പോൾ ഓരോരുത്തരും അടുത്തുള്ള ആളുടെ തോളും, കൈത്തണ്ടയും, ഉപ്പൂറ്റികളും ചേർത്ത് വെച്ച് നിൽക്കുന്നത് ഞാൻ കണ്ടിരുന്നു. (അബൂദാവൂദ്, സ്വഹീഹു തർഗീബു വ തർഹീബിൽ അൽബാനി(റ) സ്വഹീഹായി പ്രസ്താവിച്ചത്. നമ്പർ 512)

25 അബൂദാവൂദ്, ഇബ്നു ഖുസൈമ, ഹാകിം, എന്നിവരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്വഹീഹു തർഗീബു വ തർഹീബിൽ അൽബാനി(റ) സ്വഹീഹായി പ്രസ്താവിച്ചത്. നമ്പർ 495

26 സ്വഹീഹു തർഗീബു വ തർഹീബിൽ അൽബാനി(റ) സ്വഹീഹായി പ്രസ്താവിച്ചത്. നമ്പർ 497

തടസ്സം സൃഷ്ടിക്കുമാറ് ഇടുക്കമുണ്ടാക്കുകയൊ ചെയ്യരുത് എന്നാണ് പ്രസ്തുത ഹദീസിന്റെ സാരം.'' [27]

5. ഉപ്പൂറ്റികൾ തമ്മിൽ അടുപ്പിച്ച് വെക്കുക

## സ്വഫ്ഫ് ശരിയാക്കുന്നതിൽ സലഫുസ്സ്വാലിഹിന്റെ രീതി

സ്വഫ്ഫുകൾ ശരിയാക്കുന്നതിൽ ഇമാമുകളും മഅ്മൂമുകളും കാണിക്കേണ്ട ശ്രദ്ധയെപ്പറ്റി പ്രവാചക തിരുമേനി (സ്വ) ഏറ്റവും സുന്ദരമായ ഉദാഹരണത്തി ലൂടെ നമ്മെ പഠിപ്പിച്ചിട്ടുണ്ട്.

നുഅ്മാനു ബ്നു ബശീർ(റ) നിവേദനം ചെയ്ത് പറയുന്നു: ''(നമസ്കാരത്തിനു നിൽക്കുന്ന വേളകളിൽ) അമ്പിൻകോൽ മുനകൂർപ്പിച്ച് ഉപയോഗക്ഷമ മാക്കുംവിധം നബി(സ്വ) ഞങ്ങളുടെ സ്വഫ്ഫുകളെ നേരെയാക്കിയിരുന്നു.'' (മുസ്‌ലിം) [28]

മുസ്‌ലിംകളുടെ പ്രഥമാധ്യാപകനായ മുഹമ്മദ് നബി(സ്വ) സ്വഫ്ഫ് നേരെയാ ക്കേണ്ടതിന്റെ പ്രാധാന്യം പ്രായോഗികമായി പഠിപ്പിക്കുകയാണിവിടെ. എയ്തു വിട്ടാൽ ലക്ഷ്യത്തിലെത്തേണ്ട അമ്പിന് വളവൊ വൈകല്യമൊ ഉണ്ടാവാൻ പാടില്ലാത്തതു പോലെ സുപ്രധാനമാണ് നമസ്കാരത്തിലെ സ്വഫ്ഫിനും എന്ന ബോധം ഇക്കാര്യത്തിലുള്ള പ്രവാചകന്റെ കണിശതയിൽനിന്നും സ്വഹാബികൾ ഉൾക്കൊള്ളുക യായിരുന്നു.

നമസ്കാരത്തിന് നിന്നാൽ വരിയുടെ ഒരറ്റം മുതൽ മറ്റേയറ്റം വരെ നടന്ന് പരിശോധിച്ച് നേരെയാക്കുന്ന സമ്പ്രദായവും പ്രവാചകനുണ്ടായിരുന്നു.

ബർറാഅ് ബ്നു ആസിബ്(റ) നിവേദനം ചെയ്ത് പറയുന്നു: ''സ്വഫ്ഫിന്റെ ഒരു ഭാഗത്തുനിന്ന് മറ്റേഭാഗം വരെ നടന്നു കൊണ്ട്, ഞങ്ങളുടെ നെഞ്ചും തോളും പിടിച്ചു ശരിയാക്കി നബി(സ്വ) ഞങ്ങളെ വരിയൊപ്പിച്ചു നിർത്തുമായിരുന്നു.'' (അബൂദാവൂദ്)[29]

നബി(സ്വ)യിൽ നിന്നും പാഠങ്ങൾ പഠിച്ചെടുക്കുന്ന സ്വഹാബികൾ തങ്ങളുടെ ജീവിതത്തിൽ അവ മുഴുവനും പകർത്താൻ അതീവ താത്പര്യം കാണിച്ചവരാ യിരുന്നു. ഇക്കാര്യത്തിലും നമുക്കത് കാണാനാകും.

അബൂ സഹ്ൽ ബ്നു മാലിക് തന്റെ പിതാവിൽ നിന്നും നിവേദനം ചെയ്യുന്നു. ''ഒരിക്കൽ ഞാൻ ഉസ്മാൻ ബ്ൻ അഫ്ഫാനു(റ)മായി സംസാരിച്ചു കൊണ്ടു നിൽക്കുന്ന വേളയിൽ നമസ്കാരത്തിനായി ഇഖാമത്ത് കൊടുത്തു. ഞാനുമാ യുള്ള സംസാരത്തിനിടയിലും അദ്ദേഹം പള്ളിയിലെ ചരലുകൾ ചെരിപ്പു കൊണ്ട് നിരപ്പാക്കുന്നുണ്ടായിരുന്നു. അങ്ങനെ നമസ്കാരത്തിന് ആളുകളെത്തി ക്കഴിഞ്ഞപ്പോൾ അദ്ദേഹം സ്വഫ്ഫുകൾ ശരിപ്പെടുത്താനായി ചിലരോട് കൽപിച്ചു. എല്ലാ വരികളും ശരിക്കു നിന്നു കഴിഞ്ഞു എന്ന് ആ വ്യക്തികൾ അദ്ദേഹത്തെ അറിയിച്ചപ്പോൾ എന്നോടായി അദ്ദേഹം പറഞ്ഞു: നീ സ്വഫ്ഫിൽ നേരെ നിൽക്കുക. പിന്നെ അദ്ദഹം തക്ബീർ ചൊല്ലി നമസ്കാരത്തിൽ പ്രവേശിച്ചു.'' (ഇമാം മാലിക്)[30]

മൂന്നാം ഖലീഫയായ ഉസ്മാൻ (റ) സ്വഫ്ഫുകൾ ശരിപ്പെടുത്തുന്ന കാര്യത്തിൽ കാണിച്ച ശ്രദ്ധയാണ് നാം മുകളിൽ വായിച്ചത്. ഓരോ സ്വഫ്ഫും വളയാതെ, വിടവുകളില്ലാതെ വരിയൊത്ത് നിൽക്കുന്നുണ്ടൊ എന്ന് നോക്കാൻ അദ്ദേഹം

27 ഫയ്ദ്വുൽ ഖദീർ, 3/466
28 ഈ ഹദീസിന്റെ പൂർണ്ണരൂപമറിയാൻ നവവി(റ)യുടെ ശറഹ് മുസ്‌ലിമിൽ നോക്കുക, 4/157
29 നസാഇയും ഇബനു ഖുസൈമയും, ഇബ്നു ഹിബ്ബാൻ തന്റെ സ്വഹീഹിലും ഇതേ ഹദീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്വഹീഹു തർഗീബു വ തർഹീബിൽ അൽബാനി(റ) സ്വഹീഹായി പ്രസ്താവിച്ചത്. നമ്പർ 513
30 كتاب قصر الصلاة في السفر، باب ما جاء في تسوية الصفوف، ص 158

പ്രത്യേകം ആളുകളെ നിശ്ചയിച്ചിരുന്നു എന്ന് വായിക്കുമ്പോൾ ഇതിന്റെ പ്രാധാന്യം നമുക്ക് വ്യക്തമാകുന്നുണ്ട്.

സ്വഫ്ഫുകൾ പൂർത്തീയാക്കാതിരിക്കുകയും, അണിചേർന്ന് നിൽക്കാതിരിക്കു കയും ചെയ്യുന്നവരെ സലഫുകൾ ശാസിച്ചിരുന്നുവെന്ന് ഹദീസുകളിൽ നിന്ന് വായിക്കാനാകും.

അനസി(റ)ൽ നിന്നു തന്നെ നിവേദനം ചെയ്യപ്പെട്ടിട്ടുള്ള മറ്റൊരു പ്രസ്താവന കാണുക: ''അദ്ദേഹം പറുയകയാണ്, നമസ്കാരത്തിൽ ഞങ്ങളോരോരുത്തരും തോളുകളും പാദങ്ങളും ചേർത്തുവെച്ച് നിൽക്കാറുണ്ട്. ഇന്നെങ്ങാനും ഞാൻ ആരോടെങ്കിലും അപ്രകാരം ചെയ്യുന്നുവെങ്കിൽ വിളറിയെടുത്ത കഴുതയെ പ്പോലെ അവൻ ഓടിമാറുന്നതാണ്.'' (ഇസ്മാഈലീ)[31]

## രണ്ട് സംശയങ്ങൾ

ചോദ്യം: രണ്ടാളുകൾ മാത്രം ജമാഅത്തായി നമസ്കരിക്കുകയാണെങ്കിൽ ഏതു വിധത്തിലാണ് അവർ നമസ്കാരത്തിന് നിൽക്കേണ്ടത്?

ഉത്തരം: നബി(സ്വ)യുടെ ജീവിതത്തിൽ നിന്നുള്ള ഒരു സംഭവം വായിച്ചാൽ ഇതു സംബന്ധമായുള്ള സംശയത്തിന് നിവാരണമായി. ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്ത് പറയുകയാണ്: ''ഒരിക്കൽ ഞാനെന്റെ അമ്മായിയായ മൈമൂന(റ)യുടെ വീട്ടിൽ രാപ്പാർക്കുകയുണ്ടായി. ഇശാ നമസ്കാരശേഷം അവിടേക്ക് വന്ന പ്രവാചകൻ നാല് റക്അത്ത് നമസ്കരിക്കുകയും പിന്നീട് ഉറങ്ങുകയും ചെയ്ത്. രാത്രിയിൽ വീണ്ടും എഴുന്നേറ്റ് നമസ്കരിക്കാൻ തുടങ്ങിയ പ്രവാചകന്റെ ഇടതുവശത്ത് (പാർശ്വഭാഗത്ത് എന്നാണ് വേറൊരു രിവായത്തിലുള്ളത്) ഞാൻ ചെന്ന് നിന്നു. അപ്പോൾ തിരുമേനി(സ്വ) എന്നെ അദ്ദേഹത്തിന്റെ വലതുവശത്തേക്ക് പിടിച്ചാക്കുകയും, അങ്ങനെ അഞ്ച് റക്അത്ത് നമസ്കരിക്കുകയും ചെയ്തു.'' (ബുഖാരി)

ഇമാം ബുഖാരി(റ) ഈ ഹദിസ് നൽകിയിട്ടുള്ളത്, 'രണ്ട്പേർ നിന്ന് നമസ്കരിക്കുകയാണെങ്കിൽ, വലതുവശത്ത് ഇമാമിനോട് ചേർന്നു നിൽക്കൽ' എന്ന അധ്യായത്തിലാണ്. മഅ്മൂം ഇമാമിൽ നിന്നും അകന്നോ, തെറ്റിയോ അല്ല നിൽക്കേണ്ടതെന്നും, മറിച്ച് വലതുവശത്തായി അദ്ദേഹത്തോട് ചേർന്ന്, ഒരു വരിയിലെന്നവണ്ണമാണ് നിൽക്കേണ്ടതെന്നുമാണ് പ്രസ്തുത ഹദീസിൽ നിന്നും ഇമാമവർകൾ മനസ്സിലാക്കിയിട്ടുള്ളത്. 'ഞാൻ നബിയുടെ അരികിൽ ചെന്നു നിന്നു' എന്ന ഇബ്നു അബ്ബാസി(റ)ന്റെ പ്രസ്താവനയിലും സമമായി നിന്നു എന്നു തന്നെയാണ് വ്യക്തമാകുന്നത്. ഇബ്നു ഹജർ അസഖലാനി ഫത്ഹുൽ ബാരിയിൽ ഇത് വിശദീകരിച്ചിട്ടുണ്ട്.

ചോദ്യം: ഒരു വ്യക്തി പള്ളിയിൽ ചെല്ലുമ്പോൾ ആളുകൾ നമസ്കാരത്തിന് സ്വഫ്ഫ് നിന്നിരിക്കുന്നു. അവസാനത്തെ സ്വഫ്ഫിൽ തനിക്ക് നിൽക്കാനുള്ള ഇടം അയാൾക്ക് ലഭിച്ചതുമില്ല. ആ സന്ദർഭത്തിൽ അയാൾ ചെയ്യേണ്ടതെ ന്താണ്? അവസാനത്തെ സ്വഫ്ഫിന് പിറകിൽ അദ്ദേഹത്തിന് ഒറ്റക്ക് നിന്ന് നമസ്കരിക്കാമൊ?

ഉത്തരം: സ്വഫ്ഫിന്റെ പിന്നിൽ ഒരാൾ ഒറ്റക്കു നിന്ന് നമസ്കരിക്കുന്നത് അനുവദനീയമല്ല എന്നത് പൊതുനിയമമാണെന്ന് ആദ്യം മനസ്സിലാക്കുക. ഒരിക്കൽ സ്വഫ്ഫിനു പിന്നിൽ ഒറ്റക്കു നിന്ന് നമസ്കരിച്ച ഒരാളെ കണ്ടപ്പോൾ നബി(സ്വ) നീ നമസ്കാരം രണ്ടാമതു നിർവഹിക്കുക എന്ന് കൽപിച്ചതായി ഹദീസുകളിൽ വന്നിട്ടുണ്ട്.

---

31 മഅ്മർ(റ) ഹുമൈദി(റ)ൽ നിന്നും, ഹുമൈദ്(റ) അനസ് ബ്ൻ മാലിക്കി(റ)ൽ നിന്നും രിവായത്ത് ചെയ്തത്. ഫത്ഹുൽ ബാരി 2/211 നോക്കുക.

വാബിസ്വാത്ത് ബ്നു മഅ്ബദ്(റ) നിവേദനം. ‘‘സ്വഫിന് പിന്നിൽ ഒറ്റക്ക് നിന്ന് നമസ്കരിച്ച ഒരാളെ കണ്ടപ്പോൾ നബി തിരുമേനി(സ്വ) അദ്ദേഹത്തോട് രണ്ടാമതും നമസ്കരിക്കാനായി കൽപിക്കുകയുണ്ടായി.’’ (അബൂദാവൂദ്)[32]

സ്വഫ്ഫിന് പിറകിൽ ഒറ്റക്ക് നിന്ന് നമസ്കരിക്കുന്നതിന്റെ പൊതുവിധിയാണ് ഈ ഹദീസിൽ നിന്ന് മനസ്സിലാകുന്നത്. എന്നാൽ, കയറിനിൽക്കാൻ സ്വഫ്ഫിൽ ഇടമുണ്ടായിട്ടും അങ്ങനെ നിൽക്കാതെ ഒറ്റക്കു നിന്ന് നമസ്കരിച്ചതു കൊണ്ടാകാം നബി(സ്വ) ആ വ്യക്തിയോട് നമസ്കാരം മടക്കി നിർവഹിക്കാൻ കൽപിച്ചിട്ടുണ്ടാവുക. എന്തുകൊണ്ടെന്നാൽ ഒരു സ്വഫ്ഫിൽ നിൽക്കാനിടമുണ്ടെങ്കിൽ ആ സ്ഥലം പൂർത്തിയാക്കിയിട്ടുവേണം അടുത്ത സ്വഫ്ഫിന് നിൽക്കാൻ എന്നത് നിർബന്ധ നിയമമാണ്.

എന്നാൽ, ജമാഅത്ത് നമസ്കാരത്തിന് ചെന്ന ഒരാൾ, അവസാനത്തെ വരിയിൽ തനിക്ക് നിൽക്കാനുള്ള സ്ഥലം കാണുന്നില്ല എങ്കിൽ അയാൾക്ക് ഒറ്റക്ക് നിന്ന് നമസ്കരിക്കാവുന്നതാണ്. അങ്ങനെ നമസ്കരിക്കാൻ അദ്ദേഹത്തിന് തക്കതായ കാരണമുണ്ടല്ലൊ. കഴിവിന്നപ്പുറമുള്ളതു ചെയ്യാൻ അല്ലാഹു ആരോടും കൽപിക്കുകയില്ലതന്നെ.

എന്നാൽ, ഇത്തരം സന്ദർഭങ്ങളിൽ ചിലരെങ്കിലും മുന്നിലുള്ള സ്വഫ്ഫിൽ നിന്നും ഒരാളെ പിന്നിലേക്ക് വലിച്ചു നിർത്തി അയാളോടൊപ്പം നിന്ന് നമസ്കരിക്കാറുണ്ട്. സത്യത്തിൽ അത് പാടില്ലാത്തതാണ്. അങ്ങനെ ചെയ്യുന്നതു മുഖേന പിന്നിലേക്ക് വലിക്കപ്പെടുന്ന വ്യക്തിക്ക് താൻ ആദ്യം നിന്ന സ്വഫ്ഫിൽ നിന്ന് ലഭിക്കേണ്ട പ്രതിഫലം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. മാത്രമല്ല, പിന്നിലേക്ക് വലിക്കുക എന്ന പ്രവൃത്തി മതപരമായ കാര്യം എന്ന നിലക്കാണ് ചെയ്യുന്നത് എന്നതിനാൽ അതിന് പ്രമാണങ്ങളിൽ വ്യക്തമായ തെളിവുണ്ടാകണം. ഇക്കാര്യത്തിൽ സ്വീകാര്യമായ ഒരു തെളിവും ഹദീസുകളിൽ വന്നിട്ടില്ല. ഒരു സ്വഫ്ഫ് പൂർത്തിയാവുകയും, നിൽക്കാനിടമില്ലാതെ വരികയും ചെയ്താൽ ഒരാളെ പിന്നിലേക്ക് വലിച്ചു നിർത്തി അവനോടൊപ്പം നിൽക്കുക എന്നൊരു ഹദീസ് സാധാരണ പറയപ്പെടാറുണ്ട്.[33] തെളിവിനു കൊള്ളാത്ത ദുർബലമായ ഹദീസാണിത്.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ എഴുതി: ‘‘മതിയായ കാരണമുണ്ടെങ്കിൽ ഒരാൾക്ക് (അണിക്കു പിറകിൽ) ഒറ്റക്കു നിന്ന് നമസ്കരിക്കാവുന്നതും ആ നമസ്കാരം സാധുവാകുന്നതുമാണ്. സ്വഫ്ഫിന്റെ പിന്നിൽ മാത്രമേ നമസ്കാരത്തിന് സ്ഥലം ലഭിച്ചുള്ളുവെങ്കിൽ, മുന്നിൽ നിന്ന് ആരേയും പിടിച്ചുവലിക്കാതെ ഒറ്റക്കു നിന്ന് നമസ്കരിക്കുന്നതാണ് ശ്രേഷ്ഠം എന്നതാണ് ഹനഫീ മദ്ഹബിന്റെ പക്ഷം; എന്തുകൊണ്ടെന്നാൽ പിന്നിലേക്ക് പിടിച്ചുവലിക്കുന്നതു മുഖേന, വലിക്കപ്പെട്ടവന് നമസ്കാരത്തിൽ അനാവശ്യമായ അനക്കം സംഭവിക്കാൻ ഇടയാവുന്നതാണ്.’’[34]

32 ഇർവാഉൽ ഗലീലിൽ അൽബാനി(റ) സ്വഹീഹെന്ന് പ്രസ്താവിച്ചത്, നമ്പർ 541

33 ത്വബ്റാനി ദ്വഈഫായി സനദിലൂടെ ഉദ്ധരിച്ചിട്ടുള്ളത്. സിൽസിലത്തുൽ അഹാദീസി ദ്ദ്വഈഫ എന്ന ഗ്രന്ഥത്തിൽ അൽബാനി(റ) ഈ ഹദീസിനെ ദ്വഈഫ് എന്ന് വിധിച്ചിട്ടുണ്ട്. നമ്പർ 921. ഈ ഹദീസിന്റെ ടിപ്പണിയിൽ അദ്ദേഹമെഴുതുന്നു: ‘‘ഈ ഹദീസിന്റെ ദുർബലത ബോധ്യപ്പെട്ടു കഴിഞ്ഞാൽ പിന്നെ, ഒരു സ്വഫ്ഫിൽ നിന്ന് ഒരാളെ പിന്നിലേക്ക് വലിച്ച് നിർത്തി അയാളൊടൊപ്പം അണിനിൽക്കുന്നത് മതനിയമമാണെന്ന് പറഞ്ഞുകൂടാത്തതാണ്. എന്തുകൊണ്ടെന്നാൽ ഏതൊരു മതകാര്യവും വ്യക്തമായ തെളിവിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിർവഹിക്കാവൂ. അതിനാൽ, കയറിനിൽക്കാനുള്ള സ്ഥലം സ്വഫ്ഫിലുണ്ടെങ്കിൽ അങ്ങനെ ചെയ്യുകയും, സ്ഥലമില്ലെന്ന് വരികയാണെങ്കിൽ ഒറ്റക്കു നിന്ന് നമസ്കരിക്കുകയും ചെയ്യാവുന്നതാണ്. ആ നമസ്കാരം സ്വീകാര്യമാകുന്നതാണ്. ഒരു ശരീരത്തേയും അതിന്റെ കഴിവിൽപ്പെടാത്ത കാര്യത്തിന് അല്ലാഹു നിർബന്ധിക്കുകയില്ല എന്നത് ഖുർആനിന്റെ നിയമമാണ്. ഒറ്റക്ക് നിന്ന് നമസ്കരിച്ച വ്യക്തിയോട് മടക്കി നമസ്കരിക്കാൻ ആവശ്യപ്പെട്ട ഹദീസ്, സ്ഥലമുള്ള സ്വഫ്ഫിൽ അണിനിൽക്കുക എന്ന നിർബന്ധ ബാധ്യതയിൽ അദ്ദേഹം വീഴ്ച വരുത്തിയതു കൊണ്ടാകാൻ സാധ്യതയുണ്ട്. നിൽക്കാനിടമില്ലാത്ത സ്വഫ്ഫിന് പിറകിൽ ഒറ്റക്ക് നമസ്കരിക്കുന്നത് അയാളുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കണ്ടുകൂടാ.

34 അൽ ഇഖ്തിയാറാത്ത്, പേ. 71

## അവസാനമായി

നമ്മുടെ ദീൻ മധ്യമനിലപാടിൽ നിലകൊള്ളുന്ന അവക്രമായ മതമാണ്. വിശ്വാസകാര്യങ്ങളിലെന്ന പോലെത്തന്നെ ആരാധനാകാര്യങ്ങളിലും കൃത്യമായ നിർദ്ദേശങ്ങളാണ് ഇസ്‌ലാം നൽകിയിട്ടുള്ളത്. അതിന്റെ ചെറുതും വലുതുമായ മുഴുവൻ കാര്യങ്ങളും പ്രാധാന്യപൂർവം തന്നെയാകണം വിശ്വാസികൾ സ്വീകരിക്കേണ്ടത്. എന്തു കൊണ്ടെന്നാൽ പടച്ചതമ്പുരാനിൽനിന്ന് വഹ്‌യായി ലഭിച്ചതനുസരിച്ച് മുഹമ്മദ് നബി(സ്വ) നമ്മെ പഠിപ്പിച്ചതാണ് അവ മുഴുവനും.

'നമസ്കാരത്തിന്റെ കാമ്പ് ഭയഭക്തിയാണ്; സ്വഫ്ഫ് ശരിയാക്കലല്ല' എന്ന അലംഭാവ മനസ്ഥിതി വിശ്വാസികൾക്കുണ്ടായിക്കൂടാ. നമസ്കാരത്തിൽ ഭയഭക്തിയുണ്ടാകണം എന്ന് പഠിപ്പിച്ച അതേ പ്രവാചക ശ്രേഷ്ഠൻ തന്നെയാണ് സ്വഫ്ഫ് ശരിക്കണമെന്ന പാഠവും നമുക്ക് നൽകിയത്. അതേസമയം, സ്വഫ്ഫ് ശരിയാക്കുന്നതിൽ വ്യാപൃതനായി നമസ്കാരത്തിലെ ഭക്തി ചോർന്നു പോകുന്ന അവസ്ഥയും നമ്മളിലുണ്ടാകാതെ നോക്കണം. ചിലയാളുകൾ നമസ്കാരത്തിനിടയിൽ മുന്നോട്ടും പിന്നോട്ടും ചലിക്കുന്നത് കാണാം. സ്വഫ്ഫിൽ നേരെനിൽക്കാത്ത ആളുകൾക്കൊപ്പിച്ച് വരിനിൽക്കാൻ ശ്രമിക്കുമ്പോഴാണ് നമസ്കാരത്തിനിടയിൽ ഇത്തരം അനാവശ്യ ചലനങ്ങൾ വേണ്ടിവരുന്നത്. നമസ്കാരത്തിന് നിൽക്കുന്ന ആദ്യസമയത്തുതന്നെ എല്ലാവരും പാദങ്ങൾ പരസ്പരം ചേർത്ത്‌വെച്ച്, വരിവളയാതെ നിൽക്കുക എന്ന താണ് അതിനുള്ള പോംവഴി. തക്ബീറത്തുൽ ഇഹ്റാമിൽ പ്രവേശിച്ച് കഴിഞ്ഞാൽ മുഴുവൻ ശ്രദ്ധയും നമസ്കാരത്തിൽ മാത്രമാകേണ്ടതിനാൽ ഇക്കാര്യത്തിൽ വിശ്വാസികൾ കൂടുതൽ പ്രാധാന്യമെടുക്കണം.

تنبيه المسلمين إلى وجوب تسوية صفوف المصلين، (دار ابن القيم)

എന്ന കൃതിയുടെ സ്വതന്ത്ര വിവർത്തനം

●

ترجمة في لغة مليالم

تنبيه المسلمين إلى وجوب تسوية صفوف المصلين /

جمع و اعداد شباب مسجد سعيد بن جبير رحمه الله – ( كيفان ، الاردن )؛

قدم له و راجعه عمر سليمان الاشقر .